# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ റ്റി. 3312

14.07.2015 ലെ മറുപടിയ്ക്ക്

സർക്കാർ ജീവനക്കാർക്കുള്ള കുടുംബ പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | | **ശ്രീ.കെ.എം.മാണി, ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള കുടുംബ പെൻഷൻ പദ്ധതി എന്നു മുതലാണ് നടപ്പിലാക്കി തുടങ്ങിയത്; വ്യക്തമാക്കാമോ; | ജി.ഒ(പി) നം. 269/64/ധന തീയതി 13.05.1964 എന്ന ഉത്തരവ് മുഖേന 01.04.1964 മുതലാണ് ഈ പദ്ധതി പ്രാബല്യത്തിൽ വന്നത് |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ സർവ്വീസിലുണ്ടായിരുന്നവരുടെ ആശ്രിതർക്ക് ഏതു തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്നു വ്യക്തമാക്കാമോ; | കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ സ്കീം 1964 ൽ നിലവിൽ വരുന്നതിന് മുമ്പ് നോൺ കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ സ്കീം എന്ന പേരിൽ ഒരു കുടുംബ പെൻഷൻ പദ്ധതി നിലവിലുണ്ടായിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി ആശ്രിതർ ആർക്ക് അപേക്ഷ നൽകണമെന്നും അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വ്യക്തമാക്കാമോ? | ബന്ധപ്പെട്ട രേഖകൾ സഹിതം പെൻഷണർ അവസാനം ജോലി ചെയ്ത ആഫീസ് മേലധികാരി മുഖേന അക്കൗണ്ടന്റ് ജനറലിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓരോതരം ആശ്രിതർക്കും പ്രത്യേക തരത്തിലുള്ള ഫോമുകളും അനുബന്ധ രേഖകളുമാണ് സമർപ്പിക്കേണ്ടത്. ഇത് ചട്ടം 90 ഭാഗം III കെ.എസ്.ആർ-ൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ